# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് മുപ്പത്തഞ്ച്

## സ്ത്രീയും ആൺകുട്ടിയും

Sat — വേദപുസ്തകത്തിൽ നിർണ്ണായകമായ ചില അടയാളങ്ങളുണ്ട്. അവയിൽ ഒന്നാണ് ബെഥേലിൽ വച്ചുള്ള യാക്കോബിന്റെ സ്വപ്നം (ഉല്പ. 28:10-22). ആ സ്വപ്നത്തിൽ സ്വർഗം തുറന്നിരിക്കുന്നതും ഭൂമി മുതൽ സ്വർഗം വരെ നീളുന്ന ഒരു ഗോവണി ഭൂമിയിൽ വച്ചിരിക്കുന്നതും യാക്കോബ് കണ്ടു. ഈ അടയാളത്തെ വികസിപ്പിക്കുന്നതിന് മുഴുവൻ വേദപുസ്തകവും ആവശ്യമാണ്. മറ്റൊരു അടയാളം നെബൂഖദ്നേസരിന്റെ സ്വപ്നമാണ് (ദാനീ. 2:1-45). ആ സ്വപ്നത്തിൽ ജാതികളുടെ ശക്തിയെ പ്രതീകവൽക്കരിക്കുന്ന ഒരു വലിയ ബിംബത്തെ അവൻ കണ്ടു. ആ അടയാളം കാഴ്ചയിൽ ലളിതമാണെങ്കിലും, അത് ബാബിലോൻ മുതൽ നവീകരിക്കപ്പെട്ട റോമാസാമ്രാജ്യത്തിന്റെ വരുവാൻപോകുന്ന രാജ്യങ്ങൾ വരെയുള്ളവയുടെ ജാതീയ ശക്തികളെക്കുറിച്ച് പരാമർശിക്കുന്നു. ആ അടയാളത്തെ നാം മുഴുവനായും പര്യാപ്തമാംവണ്ണവും മനസ്സിലാക്കണമെങ്കിൽ മുഴുവൻ ലോകചരിത്രത്തെക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്. വെളിപ്പാട് 12-ൽ മറ്റൊരു അടയാളമുണ്ട്—ആൺകുട്ടിയോടു കൂടെയുള്ള ശോഭയുള്ള സ്ത്രീയുടെ വലിയ അടയാളം. ഈ ദൂതിൽ ഈ വലിയ അടയാളത്തെ സംബന്ധിച്ച് പിന്നെയും സംസാരിക്കുവാൻ ഞാൻ ഭാരപ്പെട്ടിരിക്കുന്നു.

വെളിപ്പാട് 12-ലെ സ്ത്രീ മറിയയാണെന്ന കാഴ്ചപ്പാട് തികച്ചും ഇടുങ്ങിയതാണ്. സ്ത്രീ യെഹൂദന്മാരുടെ വംശമായ യിസ്രായേലാണെന്നു പറയുന്നതും അപര്യാപ്തമാണ്, കാരണം ഈ ദർശനത്തിലെ സ്ത്രീ സ്ഥലപരമല്ല, സാർവത്രികമാണ്. ഈ അധ്യായത്തിലെ സ്ത്രീ ഭൂമിയിലെ ഏതെങ്കിലും സ്ഥലത്തിൽ പരിമിതപ്പെട്ടവളല്ല; മറിച്ച്, അവൾ പ്രപഞ്ചത്തെ ഉൾക്കൊള്ളുന്നു. കഴിഞ്ഞ ദൂതിൽ നാം കണ്ടതുപോലെ, അവൾ ആദാം മുതൽ അവസാനം വരെയുള്ള ദൈവജനത്തിന്റെ ആകത്തുകയെ പ്രതിനിധീകരിക്കുന്നു.

### സ്ത്രീക്കും ആൺകുട്ടിക്കുംവേണ്ടിയുള്ള ദൈവത്തിന്റെ ആവശ്യം

**ദൈവത്തിന്റെ ജനം ആൺകുട്ടിയാകുവാൻ കഴിയുന്നതിനുമുമ്പ്**

അവർ ഒന്നാമത് ദൈവത്തിന് ഒരു സ്ത്രീയായിരിക്കണം. ഇന്ന് സഭയിൽ നാം ആദ്യം ദൈവത്തിന് സ്ത്രീയായിരിക്കണമെന്നും പിന്നീട് ആൺകുട്ടിയായിരിക്കണമെന്നും ഇതു സൂചിപ്പിക്കുന്നു. ഈ സ്ത്രീയിലൂടെ ഒരു ആൺകുട്ടിയെ പുറപ്പെടുവിക്കുന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യമെന്ന് വെളിപ്പാട് 12-ലെ അടയാളത്താൽ നാം കാണുന്നു. ദൈവത്തിന് ഈ ആൺകുട്ടിയെ പുറപ്പെടുവിക്കുവാനുള്ള മുഖാന്തരം സ്ത്രീയായിരുന്നു, ഇപ്പോഴും അതെ; ദൈവം തന്റെ ശത്രുവിനെ പരാജയപ്പെടുത്തി തന്റെ രാജ്യത്തെ കൊണ്ടുവരുവാൻ ഉപയോഗിക്കുന്നത് ആൺകുട്ടിയെ ആയിരിക്കും. മറ്റൊരു രീതിയിൽ പറഞ്ഞാൽ, തന്റെ വ്യവസ്ഥ നിറവേറ്റുന്നതിനും തന്റെ ഉദ്ദേശ്യം നിർവഹിക്കുന്നതിനും ദൈവം ഈ ആൺകുട്ടിയെ ഉപയോഗിക്കും. ഇതൊരു വലിയ കാര്യമാണ്. തന്റെ ഉദ്ദേശ്യം നിർവഹിക്കുന്നതിനായി ദൈവത്തിന് വ്യക്തിയായ ക്രിസ്തുവിനെ മാത്രമല്ല, ദൈവജനമായ സഭയെന്ന സംഘാത ക്രിസ്തുവിനെയും ആവശ്യമാണ്. ഈ സ്ത്രീ യേശുവിന്റെ അമ്മയോ യിസ്രായേൽജാതിയോ മാത്രമാണെന്ന ധാരണയോട് നാം യോജിക്കുന്നില്ല. അവൾ സാർവത്രികമായ, ദൈവജനത്തിന്റെ സംഘാത കൂട്ടമാണ്. തന്റെ നിത്യോദ്ദേശ്യം നിർവഹിക്കപ്പെടേണ്ടതിന് തന്റെ ശത്രുവിനെ തോല്പിക്കുവാനും തന്റെ രാജ്യത്തെ കൊണ്ടുവരുവാനും ദൈവത്തിന് ആൺകുട്ടിയെ ആവശ്യമാണ്. അങ്ങനെയുള്ള ഒരു ആൺകുട്ടി ഉണ്ടായിരിക്കുന്നതിന് സ്ത്രീയുടെ ആവശ്യമുണ്ട്.

## സ്ത്രീയുടെ സ്ഥാനം

വേദപുസ്തകത്തിൽ സ്ത്രീയുടെ സ്ഥാനത്തോടുള്ള ബന്ധത്തിൽ നിർണ്ണായകമായ ചില കാര്യങ്ങൾ ഇനി നാം കാണേണ്ടതുണ്ട്. ദൈവത്തിന്റെ ദൃഷ്ടിയിൽ അവന്റെ ജനം അവന്റെ ഭാര്യയാണെന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു. യെശയ്യാവ് 54-ൽ ദൈവം തന്റെ ജനത്തിനു ഭർത്താവാണെന്ന് അവൻതന്നെ പ്രതിപാദിക്കുന്നു. വേദപുസ്തകമനുസരിച്ച്, ഒരു സ്ത്രീ ശരിയായ ഭാര്യയായിരിക്കണമെങ്കിൽ, അവൾ തന്റെ ഭർത്താവിനു കീഴ്പ്പെടണം. ഈ പ്രപഞ്ചത്തിൽ നിസ്തുലനായ ഭർത്താവ്, നിസ്തുലനായ പുരുഷൻ, ദൈവമാണ്. സാർവത്രിക പുരുഷനായ, സാർവത്രിക ഭർത്താവായ ദൈവമാണ് നമ്മുടെ ഭർത്താവ്. ദൈവത്തിന്റെ ജനമായ നാം ജനനത്താൽ ആണോ പെണ്ണോ ആയിരുന്നാലും, ദൈവത്തിന്റെ ദൃഷ്ടിയിൽ നാം പെൺജാതിയാണ്. ദൈവം നമ്മുടെ ഭർത്താവും, നാം അവന്റെ നേരിണയും ആണ്. അവന്റെ ഭാര്യയെന്ന നിലയിൽ, നാം അവനു കീഴ്പ്പെട്ടിരിക്കണം. നാം ക്രിസ്തുവിന് ഭാര്യയാണെന്നു പറയുമെങ്കിലും, നമുക്ക് ഇപ്പോഴും നമ്മുടേതായ വഴിയും താല്പര്യവും ഉണ്ട്. പലപ്പോഴും,

അവന്റെ ഇഷ്ടത്തെയും താല്പര്യത്തെയും നമ്മുടേതായി നാം എടുക്കാറില്ല. നാം വാസ്തവത്തിൽ നമ്മുടെ ഭർത്താവായി അവനെ എടുക്കുകയോ നാം അവനു കീഴ്പ്പെടുകയോ ചെയ്യുന്നില്ല എന്ന് ഇത് അർഥമാക്കുന്നു.

ഗർഭംധരിക്കുന്നതിനായി ഒരു ഭാര്യ അവളുടെ ഭർത്താവിൽനിന്നും ചിലത് സ്വീകരിക്കണം. ഭർത്താവിനുവേണ്ടി ചിലതു ചെയ്യുവാനല്ല, അവനിൽനിന്ന് ചിലതു സ്വീകരിക്കുവാൻ, സ്ത്രീ തന്റെ ഭർത്താവിനു കീഴ്പ്പെടുന്നതുപോലെ, ക്രിസ്തുവിൽനിന്നു ചിലതു സ്വീകരിക്കുവാനാണ് കീഴ്പ്പെടൽ എന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു. തന്റെ ഭർത്താവിനുവേണ്ടി ഒരു ഭാര്യ ചെയ്യുന്ന യാതൊന്നും അവളുടെ ഭർത്താവിൽനിന്നും ചിലതു സ്വീകരിക്കുന്നതിനെക്കാൾ പ്രാധാന്യമുള്ളതല്ല. വാസ്തവത്തിൽ ഒരു ഭാര്യയുടെ കർത്തവ്യം അവളുടെ ഭർത്താവിനുവേണ്ടി ചിലതു ചെയ്യുന്നതല്ല, അവളുടെ ഭർത്താവിനുവേണ്ടി പുറപ്പെടുവിക്കുന്നതിനായി അവനിൽനിന്ന് ചിലതു സ്വീകരിക്കുന്നതാണ്. വെളിപ്പാട് 12-ലെ വലിയ അടയാളത്തിൽ, അവളുടെ ഭർത്താവിനുവേണ്ടി എന്തെങ്കിലും ചെയ്യുന്നവളായല്ല സ്ത്രീയെ ചിത്രീകരിച്ചിരിക്കുന്നത്; അവൾ ഗർഭിണിയായിരിക്കുന്നതായാണ് ചിത്രീകരിച്ചിരിക്കുന്നത്. അവളുടെ ഭർത്താവിനുവേണ്ടി ഒന്നിനെ പ്രസവിക്കേണ്ടതിനായി അവളുടെ ഭർത്താവിനാൽ അവൾ ഗർഭിണിയായിരിക്കുന്നു. സഭയുടെ കർത്തവ്യം മുഖ്യമായും ക്രിസ്തുവിനുവേണ്ടി ചിലതു ചെയ്യുന്നതല്ല. അവളുടെ കർത്തവ്യം ക്രിസ്തുവിൽനിന്ന് അവൾ ഗർഭംധരിക്കേണ്ടതിനും അവനുവേണ്ടി പ്രസവിക്കേണ്ടതിനും അവനിൽനിന്നും ചിലതു സ്വീകരിക്കുന്നതാണ്.

ഈ അധ്യായത്തിലെ സ്ത്രീ ഒന്നാമതായി ദൈവത്തിനു കീഴ്പ്പെടുന്നതിനെ സൂചിപ്പിക്കുന്നു. രണ്ടാമതായി, അവൾ സൂചിപ്പിക്കുന്നത് നാം ദൈവത്തിനുവേണ്ടി യാതൊന്നും ചെയ്യേണ്ട ആവശ്യമില്ല എന്നാണ്. നമ്മുടെ ആവശ്യം ദൈവത്തിൽനിന്നു ചിലതു സ്വീകരിക്കുന്നതാണ്. അവന് നമ്മിൽനിന്ന് യാതൊന്നും ആവശ്യമില്ല, എന്നാൽ നാം ഗർഭംധരിച്ച് അവനുവേണ്ടി ഒന്നിനെ പ്രസവിക്കുന്നതിനായി നമ്മുടെ ആളത്തത്തിലേക്കു പ്രവേശിക്കുവാൻ ക്രിസ്തുവിന്റേതായ ചിലത് നമുക്കാവശ്യമാണ്. ഇന്നു സഭയ്ക്ക് ക്രിസ്തുവിനെയാണ് ആവശ്യം. ഇന്നത്തെ ക്രിസ്തുമതത്തിൽ ഈ ദർശനത്തിന്റെ അഭാവമുണ്ട്. കീഴ്പ്പെടുന്നതിനെക്കുറിച്ച് ക്രിസ്ത്യാനികൾ സംസാരിക്കുമ്പോൾ, അവരുടെ ധാരണ ക്രിസ്തുവിനുവേണ്ടി ചിലതു ചെയ്യുന്നതാണ്, ദൈവത്തിനുവേണ്ടി ചില പ്രവൃത്തികൾ ചെയ്യുന്നതാണ്. എന്നാൽ ശരിയായ സ്ത്രീ എന്ന നിലയിൽ, അവനുവേണ്ടി ചിലതു ചെയ്യുന്നതിനല്ല, അവനിൽനിന്ന് ചിലതു സ്വീകരിക്കുന്നതിനാണ്, ഒന്നാമതായി നമ്മുടെ ഭർത്താവിനു നാം കീഴ്പ്പെടുന്നത്. ഇതു

നാം ചെയ്യുമെങ്കിൽ, നാം ഗർഭംധരിക്കുകയും നമ്മിലൂടെ ഒന്ന് പുറപ്പെടുവിക്കപ്പെടുകയും ചെയ്യും.

## ദുർന്നടപ്പിന്റെ അർഥം

എന്താണ് ദുർന്നടപ്പെന്ന് ഇനി നാം ചിന്തിക്കേണ്ടതുണ്ട്. ഒരു ഭർത്താവുണ്ടായിരിക്കുകയും മറ്റൊരു മനുഷ്യന് നിങ്ങൾ കീഴ്പ്പെടുകയും ചെയ്യുന്നതാണ് ദുർന്നടപ്പ്. ഒരുപക്ഷേ നമ്മിൽ ചിലരടക്കം, ഇന്ന് നിരവധി ക്രിസ്ത്യാനികൾ, ദുർന്നടപ്പ് ആചരിക്കുന്നുണ്ട്. ഒരുവശത്ത് ക്രിസ്തു നമ്മുടെ ഭർത്താവാണെന്നു നാം സമ്മതിക്കുകയും, മറുവശത്ത്, മറ്റനേകം കാര്യങ്ങൾക്ക് നാം കീഴ്പ്പെടുകയും ചെയ്യുമ്പോൾ നാം ദുർന്നടപ്പ് ആചരിക്കുന്നു. ക്രിസ്തുവിനല്ലാതെ മറ്റെന്തിനെങ്കിലും നാം കീഴ്പ്പെടുന്നതാണ് ദുർന്നടപ്പ്. നമുക്ക് വെളിച്ചമുണ്ടെങ്കിൽ, ദർശനമുണ്ടെങ്കിൽ, ഇന്ന് ക്രിസ്ത്യാനികൾ ഇത്തരത്തിലുള്ള ദുർന്നടപ്പുകൊണ്ട് നിറഞ്ഞവരാണെന്നു നാം കാണും. ഒരു നിർമലയായ ഭാര്യയെന്ന നിലയിൽ, നിങ്ങളുടെ ഭർത്താവിനല്ലാതെ മറ്റാർക്കും നിങ്ങൾ കീഴ്പ്പെടുകയും, മറ്റാരിൽനിന്നും യാതൊന്നും സ്വീകരിക്കുകയും അരുത്. നിങ്ങളുടെ ഭർത്താവല്ലാതെ മറ്റാരിൽനിന്നും നിങ്ങൾ എന്തെങ്കിലും സ്വീകരിക്കുന്നത് ദുർന്നടപ്പാണ്. എന്നാൽ ഇന്നത്തെ ക്രിസ്തുമതത്തെ നോക്കുക! ആഴ്ചതോറും, ദിനമ്പ്രതിയും, ക്രിസ്ത്യാനികൾ ക്രിസ്തുവല്ലാത്ത കാര്യങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. സഭാജീവിതത്തിലുള്ള നാം ക്രിസ്തു അല്ലാതെ മറ്റൊന്നിനെയും സ്വീകരിക്കാതിരിക്കുവാൻ ശ്രദ്ധാലുക്കളായിരിക്കണം. പഠിപ്പിക്കലുകളോ, ഉപദേശങ്ങളോ, അനുഷ്ഠാനങ്ങളോ, രീതികളോ നാം സ്വീകരിക്കരുത്. ക്രിസ്തു അല്ലാത്ത മറ്റൊന്നിനെ നാം സ്വീകരിക്കുന്നത്, അത് നല്ലതോ തിരുവെഴുത്തിൻപ്രകാരമോപോലും ആയാലും, ആത്മിക ദുർന്നടപ്പ് ആചരിക്കുന്നതാണ്. നാം ക്രിസ്തുവിനെ മാത്രം സ്വീകരിക്കുകയും അവനെ മാത്രം നമ്മെ ഗർഭിണിയാക്കുവാൻ അനുവദിക്കുകയും വേണം.

## ആൺകുട്ടിയെ ഉളവാക്കുവാനുള്ള മാർഗം

നമ്മുടെ ആളത്തത്തിലേക്ക് ക്രിസ്തുവിനെ സ്വീകരിക്കുന്നതിലൂടെ മാത്രമേ ആൺകുട്ടിയെ പ്രസവിക്കുവാൻ നമുക്കു കഴിയുകയുള്ളൂ. മുഴുവനായും ക്രിസ്തുവിന്റെ ഘടകാംശത്തിൽനിന്ന് ഉരുവായതാണ് ആൺകുട്ടി. ആൺകുട്ടിയെ ഉളവാക്കുന്നതിനായി നാം ഒന്നാമത് ക്രിസ്തുവുമായി ഒന്നായിരിക്കുകയും അവനിൽനിന്നുള്ള ചിലത് സ്വീകരിക്കുകയും വേണം. ക്രിസ്തുവിൽനിന്ന് നിസ്തുലമായ ചിലതു നാം സ്വീകരിക്കുമ്പോൾ ആൺകുട്ടിയെ പ്രസവിക്കുന്നതിന് ക്രിസ്തുവിനാൽ നാം ഗർഭംധരിക്കും. നിങ്ങൾ ഈ ദർശനം കാണുന്നുവെങ്കിൽ, ഇന്നത്തെ ക്രിസ്തുമതത്തിലെ

സാഹചര്യത്തെക്കുറിച്ച് നിങ്ങൾക്ക് ദുഃഖം തോന്നും. എവിടെയാണ് ആൺകുട്ടി? ക്രിസ്തുമതം നിരവധി കാര്യങ്ങളെ ഉളവാക്കിയിട്ടുണ്ടെങ്കിലും, പ്രായേണ ആൺകുട്ടി ഇല്ല. ക്രിസ്തുമതം ക്രിസ്തു അല്ലാത്ത ചിലതിനാൽ ഗർഭംധരിച്ചിരിക്കുന്നതുകൊണ്ട്, അതു പുറപ്പെടുവിക്കുന്ന ഒന്നുംതന്നെ ആൺകുട്ടിയല്ല.

സ്ത്രീ വ്യാളിയോടു പോരാടുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. വ്യാളിയോട് പോരാടുന്നതിന് ആൺകുട്ടിയെ ഉപയോഗിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ആൺകുട്ടിയെ ഇതുവരെ പ്രസവിക്കാത്തതുകൊണ്ട് വ്യാളി ഇപ്പോഴും സ്വർഗത്തിൽ സജീവമാണ്. വെളിപ്പാട് പുസ്തകത്തിന്റെ ഈ ജീവ-പഠനം ആകസ്മികമല്ല എന്ന് ഇപ്പോൾ നമുക്കു കാണുവാൻ കഴിയും: ഏതെങ്കിലും കാര്യത്തിനോ വ്യക്തിക്കോ കീഴ്പ്പെടാതെ, നാം ക്രിസ്തുവിനുമാത്രം കീഴ്പ്പെടുന്ന നിസ്തുല സ്ത്രീയായിരിക്കുകയും, ക്രിസ്തുവിൽനിന്നുള്ളതു മാത്രം സ്വീകരിക്കുകയും വേണമെന്ന് നാം എല്ലാവരും കാണേണ്ടതിന് ഇതു ദൈവത്താൽ ആസൂത്രണം ചെയ്യപ്പെട്ടതും സമയക്രമീകരണം ചെയ്യപ്പെട്ടതുമാണ്. ഈ സ്ത്രീയെപ്പോലെ, നാം ക്രിസ്തുവിൽനിന്ന് നിസ്തുലമായ ചിലതു സ്വീകരിക്കുമ്പോൾ ആൺകുട്ടി പുറപ്പെടുവിക്കപ്പെടും.

## സ്ത്രീയും ആൺകുട്ടിയും തമ്മിലുള്ള വ്യത്യാസം

ആൺകുട്ടി സ്ത്രീയുടെ ബലമേറിയ ഭാഗമാണ്. ഒരുവശത്ത്, നാം സ്ത്രീയായിരിക്കണം; മറുവശത്ത്, നാം ആൺകുട്ടിയും ആയിരിക്കണം. ശോഭയുള്ളതും സ്വർഗീയവുമായിരുന്നാൽ മാത്രം പോരാ. നാം ക്രിസ്തുവിന്റെ മൂലകത്താൽ പൂർണ്ണമായി സംരചിക്കപ്പെട്ടിരിക്കണം. സ്ത്രീയും ആൺകുട്ടിയും തമ്മിലുള്ള വ്യത്യാസം ഇതാണ്: സ്ത്രീയുടെ ആളത്തത്തിലേക്ക് ക്രിസ്തുവിന്റെ അധികം മൂലകം സംരചിക്കപ്പെട്ടിട്ടില്ല, എന്നാൽ ആൺകുട്ടിയുടെ മുഴുവൻ ആളത്തവും ക്രിസ്തുവിന്റെ മൂലകത്താൽ സാന്ദ്രീകരിക്കപ്പെട്ടതും അഭിവ്യാപിക്കപ്പെട്ടതുമാണ്. തന്മൂലം, ആൺകുട്ടി ക്രിസ്തുവിന്റെതന്നെ സംരചനയാണ്. എങ്ങനെ ഈ ആൺകുട്ടിയെ പ്രസവിക്കുവാൻ കഴിയും? ക്രിസ്തു സ്ത്രീയുടെ ഒരു ഭാഗത്തിലേക്കു കടന്ന് അവന്റെ സമ്പന്നമായ സകല മൂലകത്താലും ആ ഭാഗത്തെ സംരചിക്കുന്നതിനാൽ ആൺകുട്ടി പുറപ്പെടുവിക്കപ്പെടുന്നു. ഇത് വെറുമൊരു വ്യാഖ്യാനമാണെന്നു ചിന്തിക്കാതെ, നിങ്ങളുടെ ദിനമ്പ്രതിയുള്ള അനുഭവത്തോടു പ്രയോഗിച്ചു നോക്കുക. നിങ്ങൾ ക്രിസ്തുവിനു കീഴ്പ്പെടുകയും അവനിൽനിന്നു ചിലതു സ്വീകരിക്കുകയും ചെയ്താൽപോലും, നിങ്ങൾ അപ്പോഴും സ്ത്രീ തന്നെയാണ്, ആൺകുട്ടി ആയിട്ടില്ല. ക്രിസ്തുവിന്റെ മൂലകം നിങ്ങളുടെ ആളത്തത്തിലേക്കു പണിതുചേർക്കപ്പെടുവാൻ നിങ്ങൾ അനുവദിക്കുന്നതുവരെ നിങ്ങൾ ബലമുള്ളവനായിരിക്കുകയില്ല.

ക്രിസ്തുവിന്റെ മൂലകം നിങ്ങളുടെ ആളത്തത്തിലേക്കു പണിതു ചേർക്കപ്പെടുന്തോറും നിങ്ങൾ ബലവാനായിത്തീരും. ഇതാണ് ആൺകുട്ടി.

## കുഞ്ഞാടിനെ അനുഗമിക്കുന്നതിലൂടെ ആൺകുട്ടിയുടെ ഭാഗമായിത്തീരുന്നു

ഉയിർത്തെഴുന്നേറ്റവരായ മരിച്ചുപോയ ജയാളികൾ ഉൾക്കൊള്ളുന്നതാണ് ആൺകുട്ടി എന്ന് കേവലം ഉപദേശപരമായ ഒരു രീതിയിൽ ആൺകുട്ടിയെ മനസ്സിലാക്കരുത്. ഉപദേശപരമായ രീതിയിൽ പറഞ്ഞാൽ, ഇതു ശരിയാണ്. എന്നാൽ വേദപുസ്തകത്തെ കേവലം ഉപദേശപരമായ രീതിയിൽ മനസ്സിലാക്കുവാൻ നാം ഇഷ്ടപ്പെടുന്നില്ല. വചനത്തെ പ്രായോഗികമായ രീതിയിൽ നാം അറിയണം. പുനരുത്ഥാനത്തിന്റെ സമയത്തിനുമുമ്പായ ഇന്നുപോലും നമുക്ക് ആൺകുട്ടിയായിരിക്കുവാൻ കഴിയും. ഇന്നു നിങ്ങൾ ആൺകുട്ടിയുടെ ഒരു ഭാഗമല്ലെങ്കിൽ, പുനരുത്ഥാനത്തിൽ ആൺകുട്ടിയുടെ ഒരു ഭാഗമായിരിക്കുവാൻ നിങ്ങൾ പ്രതീക്ഷിക്കുന്നതെങ്ങനെ?

ആദ്യഫലമോ ആൺകുട്ടിയോ ആയിത്തീരുന്നതിന്റെ തത്ത്വം ഒന്നുതന്നെയാണ്: കുഞ്ഞാടു പോകുന്നേടത്തൊക്കെയും അവനെ നാം അനുഗമിക്കണം (14:4). എന്നാൽ, എന്റെ ആരംഭകാല ശുശ്രൂഷയിൽ കുഞ്ഞാടിനെ അനുഗമിക്കുന്നത് പുറമെയുള്ള കാര്യമല്ലെന്ന് ഞാൻ മനസ്സിലാക്കിയിരുന്നില്ല. "കുഞ്ഞാട് സഹിഷ്ണുയുള്ളവനും താഴ്മയുള്ളവനും ആയിരുന്നു, നാം അവന്റെ സഹിഷ്ണുതയെയും താഴ്മയെയും അനുകരിക്കണം. കുഞ്ഞാട് പൂർണ്ണമായും ദൈവത്തിനുവേണ്ടി നിലകൊണ്ടു, അതുകൊണ്ട് നാമും പൂർണ്ണമായും അവനുവേണ്ടിയായിരിക്കണം. കുഞ്ഞാട് നമ്മുടെ മാതൃകയാണ്, നാം അവനെ അനുഗമിക്കണം" എന്നു നാം പറയരുത്. നാല്പതു വർഷങ്ങൾക്കുമുമ്പ് ഈ രീതിയിൽ ഞാൻ ദൂതുകൾ നല്കിയിരുന്നു. എന്നാൽ പിന്നീട് ഇത് കുഞ്ഞാടിനെ അനുഗമിക്കുന്നതിനെക്കുറിച്ചുള്ള സ്വാഭാവികമായ അറിവാണെന്ന് ഞാൻ മനസ്സിലാക്കി. കുഞ്ഞാടിന്റെ മൂലകം നമ്മിലേക്കു കടക്കുന്നില്ലെങ്കിൽ, അവനെ അനുഗമിക്കുവാൻ നാം അപ്രാപ്തരായിരിക്കും. നാം ഒരു കുഞ്ഞാടല്ല; നാം "കുരങ്ങന്മാരും," "കഴുതകളും" ആണ്. ഒരു "കുരങ്ങിനോ" "കഴുതയ്ക്കോ" എങ്ങനെ കുഞ്ഞാടിനെ അനുഗമിക്കുവാൻ കഴിയും? അത് അസാധ്യമാണ്. കുഞ്ഞാടിനെ അനുഗമിക്കുകയെന്നാൽ കുഞ്ഞാടിനെ നിങ്ങളുടെ ഉള്ളിലേക്കു കടക്കുവാൻ അനുവദിക്കുക എന്നാണ് അർഥമാക്കുന്നത്. കുഞ്ഞാടിന്റെ മൂലകം നിങ്ങളുടെ ആളത്തത്തിലേക്കു സംരചിക്കപ്പെടുമ്പോൾ നിങ്ങൾ വാസ്തവമായും കുഞ്ഞാടിന്റെ ഭാഗമായിരിക്കും. നിങ്ങൾ രൂപാന്തരപ്പെട്ടതുകൊണ്ട്

മുമ്പ് ആയിരുന്നതുപോലെ ആയിരിക്കുവാൻ കഴിയുകയില്ല. നമ്മുടെ രൂപാന്തരപ്പെട്ട ആളത്തമാണ് ആൺകുട്ടി. ഇപ്പോൾ നാം നമ്മുടെ ഭർത്താവിനു കീഴ്പ്പെടുകയും നമ്മുടെ ആളത്തത്തിലേക്ക് അവനിൽനിന്നു ചിലതു സ്വീകരിക്കുകയും ചെയ്യുന്ന സ്ത്രീയാണ്. നമ്മുടെ ഭർത്താവിൽനിന്നു നാം സ്വീകരിച്ച മൂലകത്തെ നമ്മുടെ ആളത്തത്തെ സാന്ദ്രീകരിക്കുവാനും അഭിവ്യാപിക്കുവാനും അനുവദിച്ചുകൊണ്ട് ഈ മൂലകത്താൽ നാം സംരചിക്കപ്പെടുന്നുവെങ്കിൽ, നാം ഇനിമേൽ കേവലം സ്ത്രീയായിരിക്കുകയില്ല, ആൺകുട്ടിയായിരിക്കും.

നാം അധികമായി പ്രാർഥിക്കേണ്ട ആവശ്യമുണ്ടെങ്കിലും, കേവലം പൊതുവായ രീതിയിൽ പ്രാർഥിക്കുന്നുവെങ്കിൽ, നമുക്ക് ജീവസഹായം ലഭിക്കുകയില്ല. നാം നമ്മുടെ ഭർത്താവിന് എപ്പോഴും തുറന്നവരായിരിക്കണം. ക്രിസ്തുവിന്റെ മൂലകം, ക്രിസ്തുവിന്റെ ദിവ്യഘടകാംശം നമ്മുടെ മുഴുവൻ ആളത്തത്തെ സാന്ദ്രീകരിക്കുവാനും അഭിവ്യാപിക്കുവാനും നമ്മിൽ തുടർച്ചയായി പ്രവർത്തിക്കുവാൻ നാം അനുവദിക്കണം. ഇന്ന്, ആൺകുട്ടിയെ പ്രസവിക്കുക എന്ന ഉദ്ദേശ്യത്തിനുവേണ്ടി ദൈവത്തിന്റെ ജനമായ നാം അവന്റെ ഭാര്യയാണെന്ന് തന്റെ അനേകം മക്കൾ മനസ്സിലാക്കണം എന്നാണ് ദൈവത്തിന്റെ ആഗ്രഹം. ഈ ആൺകുട്ടിയെ ഉളവാക്കുവാനോ നിർമ്മിക്കുവാനോ നമുക്കു കഴിയുകയില്ല; നാം ക്രിസ്തുവിന്റേതായ ചിലതു സ്വീകരിച്ച് അവനാൽ ഗർഭംധരിക്കണം. നമ്മുടെ ക്രിസ്തുവിന്റേതായ ചിലത് നമ്മുടെ ആളത്തത്തിലേക്കു പ്രവേശിക്കണം. ഇത് നാം താഴ്മയുള്ളവരോ, സഹിഷ്ണുതയുള്ളവരോ, സൗമ്യരോ, നല്ലവരോ ആയിരിക്കുന്നതിനെ സംബന്ധിച്ച വിഷയമല്ല. ഇത് തികച്ചും നമ്മുടെ ആളത്തം അവന്റെ ദിവ്യമൂലകത്തിനു തുറക്കുന്നതിനെയും ഈ മൂലകം നമ്മിലേക്കു പണിതുചേർക്കപ്പെടുവാൻ അനുവദിക്കുന്നതിനെയും സംബന്ധിച്ച വിഷയമാണ്. ഇതിന് നമുക്ക് "ഒമ്പതു മാസം" ആവശ്യമാണ്. ആൺകുട്ടി നമ്മുടെ ഉള്ളിൽ വികാസം പ്രാപിക്കുവാൻ ഇത്രത്തോളം സമയം എടുക്കുന്നു.

ഗലാത്യർ 4:19-ൽ അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു, "ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നിമിത്തം ഞാൻ വീണ്ടും പ്രസവവേദനപ്പെടുന്നു." ഇതു സൂചിപ്പിക്കുന്നത് ആൺകുട്ടിയെ പുറപ്പെടുവിക്കുന്നതിന്, ക്രിസ്തു നമ്മിൽ ഉരുവാകുന്നതിന്, പ്രസവവേദന അനുഭവിക്കുന്ന ഈ സ്ത്രീയുടെ ഭാഗമായിരുന്നു അവനെന്ന് അവൻ മനസ്സിലാക്കി എന്നാണ്. പിന്നീട് ഫിലിപ്പിയർ 1:21-ൽ അവൻ പറഞ്ഞു, "എനിക്ക് ജീവിക്കുന്നത് ക്രിസ്തു ആകുന്നു." ക്രിസ്തുവിനെ അനുഭവമാക്കുന്നതിലൂടെ അവൻ ആൺകുട്ടിയുടെ ഭാഗമായിത്തീർന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. ഒരുവശത്ത്, അവൻ പ്രസവവേദനപ്പെടുന്ന സ്ത്രീയുടെ ഭാഗമായിരുന്നു;

മറുവശത്ത്, അവൻ ആൺകുട്ടിയുടെ ഭാഗമായിരുന്നു. പൗലൊസ് വിശ്വാസികൾക്ക് ഒരു മാതൃകയായി ദൈവത്താൽ വയ്ക്കപ്പെട്ടവനായിരുന്നു (1 തിമൊ. 1:16). നാം എല്ലാവരും അവനെപ്പോലെയായിരിക്കണം. ഒരുവശത്ത്, നാം ആൺകുട്ടിയെ പ്രസവിക്കുന്നതിനുവേണ്ടി പ്രസവവേദനപ്പെടുന്ന സ്ത്രീയുടെ ഭാഗമായിരിക്കണം, മറുവശത്ത്, നാം ദൈവത്തിന്റെ ശത്രുവിനെ പരാജയപ്പെടുത്തി ദൈവോദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടി അവന്റെ രാജ്യത്തെ കൊണ്ടുവരുന്ന ആൺകുട്ടിയായിരിക്കണം.

## സ്ത്രീയോടുള്ള വ്യാളിയുടെ വെറുപ്പ്

ശത്രു ഈ സ്ത്രീയെ വെറുക്കുകയും ആൺകുട്ടിയെ വിഴുങ്ങിക്കളയുവാൻ അന്വേഷിക്കുകയും ചെയ്യുന്നു. യുദ്ധം ഈ സ്ത്രീയെ പ്രവർത്തനരഹിതയാക്കുക എന്ന ശത്രുവിന്റെ ആഗ്രഹം നിമിത്തമാണ്. ഇന്നും അനഹേമിലുള്ള നാം എണ്ണത്തിൽ ചെറുതാണ്. എന്തുകൊണ്ട് ജനം നമ്മെ വളരെയധികം എതിർക്കുകയും നമ്മെ പൂർണ്ണമായി നശിപ്പിക്കുവാൻ സാധിക്കാവുന്നിടത്തോളം പ്രവർത്തിക്കുകയും ചെയ്യുന്നുവെന്ന് ഞാൻ ചിലപ്പോൾ അതിശയിക്കാറുണ്ട്. മാനുഷികമായി പറഞ്ഞാൽ, ഇതു മനസ്സിലാക്കുവാൻ വളരെ പ്രയാസമാണ്. എതിർക്കുകയും വിമർശിക്കുകയും ചെയ്യുന്ന അനേകരും ഇതിന്റെ കാരണം അറിയുന്നില്ല. എന്നാൽ മഹാവ്യാളി അറിയുന്നു. ദൈവജനത്തിൽ ചിലർ സ്ത്രീയുടെ ശരിയായ സ്ഥാനം വീണ്ടും കൈക്കൊള്ളുന്നുവെന്ന് അവൻ മനസ്സിലാക്കുന്നു. ഒരിക്കൽ നാം ഈ സ്ഥാനം എടുത്താൽ ആൺകുട്ടിയെ പുറപ്പെടുവിക്കുവാനുള്ള അവസരം ദൈവത്തിനു ലഭിക്കുന്നു. ദൈവജനത്തിൽ ചിലർ ഈ സ്ത്രീയുടെ സ്ഥാനം എടുത്തിരിക്കുന്നു എന്നും ആൺകുട്ടിയെ പ്രസവിക്കുന്നതിന് ക്രിസ്തുവിനാൽ അവർ ഗർഭം ധരിക്കുമെന്നും എതിർക്കുന്നവരുടെ പിന്നിലുള്ള കൗശലക്കാരനായ സാത്താന് അറിയാം. ഈ യുദ്ധത്തിൽ നാം സിംഹാസനത്തെ സ്പർശിക്കുകയും, പരമോന്നത അധികാരത്തെ വിളിച്ചപേക്ഷിക്കുകയും, യുദ്ധംചെയ്യുവാൻ നമ്മുടെ ആത്മാവിനെ വ്യായാമംചെയ്യുകയും വേണം.

## ഈ വലിയ അടയാളം കാണുന്നതിന്റെ പ്രാധാന്യം

ഇന്ന്, നാമാണു സ്ത്രീയെന്നു മനസ്സിലാക്കുന്നത് നമുക്കു നിർണ്ണായകമാണ്. സ്ത്രീ എന്ന നിലയിൽ നാം നമ്മുടെ ഭർത്താവിനു കീഴ്പ്പെടുകയും, അവനു തുറക്കുകയും, അവന്റെ മൂലകം നമ്മുടെ ആളത്തത്തിലേക്കു പണിതുചേർക്കുന്നതിന് അവനിൽനിന്ന് ചിലതു സ്വീകരിക്കുകയും വേണം. തൽഫലമായി, നാം ഗർഭം ധരിക്കുമെന്നു മാത്രമല്ല, ഒടുവിൽ നാം ഒരു ആൺകുട്ടിയെ പ്രസവിക്കുകയും ചെയ്യും. ഇതാണ് ദൈവത്തിന്റെ

വ്യവസ്ഥ. മഹാവ്യാളിയാൽ എതിർക്കപ്പെടുന്ന ആൺകുട്ടിയോടു കൂടെയുള്ള ശോഭയേറിയ സ്ത്രീയുടെ ലളിതമെങ്കിലും അഗാധമായ ഈ അടയാളം നാം എല്ലാവരും കാണുന്നുവെന്ന് ഞാൻ പ്രത്യാശിക്കുന്നു. നാം ഈ ദർശനം കാണുന്നുവെങ്കിൽ, നമ്മുടെ ക്രിസ്ത്യജീവിതത്തെ സംബന്ധിച്ച നമ്മുടെ ധാരണ സമൂലമായി മാറ്റപ്പെടും. ആൺകുട്ടിയോ, സ്ത്രീയോ ഇന്നു നമ്മോടുകൂടെ ഇല്ലെങ്കിൽ, താഴ്മയുള്ളവരോ, സൗമ്യരോ, വിശുദ്ധരോ, ആത്മികരോ ആയിരിക്കുന്നതിന്റെ പ്രാധാന്യം എന്താണ്?

## ഒന്നായിരിക്കുവാനുള്ള മാർഗം

വ്യക്തികളെന്ന നിലയിൽ, നിങ്ങളും ഞാനും സ്ത്രീയല്ല. ഒരു സംഘാത ഏകകമായി, ഒരുമിച്ചു മാത്രമേ, നാം എല്ലാവരും ഒരു സ്ത്രീയാകുന്നുള്ളൂ. ഒരു സ്ത്രീ മാത്രമേ ഉള്ളൂ എന്നതിനാൽ, ദൈവജനത്തിൽ ഭിന്നാഭിപ്രായമുള്ളവന്റെ ഈ സ്ത്രീയുമായുള്ള ബന്ധം അവസാനിച്ചിരിക്കുന്നു. നമുക്ക് ഒന്നായിരിക്കുവാൻ കഴിയുന്ന ഏകമാർഗം നാം ക്രിസ്തുവിനു കീഴ്പ്പെടുകയും ക്രിസ്തുവിൽനിന്ന് ചിലതു സ്വീകരിക്കുകയും ചെയ്യുന്നതാണ്. നാം അവനു കീഴ്പ്പെടുന്നില്ലെങ്കിൽ, നമുക്ക് ഒന്നായിരിക്കുവാൻ കഴിയുകയില്ല. യഥാർഥ ഒരുമ നമ്മുടെ ഏകഭർത്താവിന്, നിസ്തുലമായ തലയായ്മയ്ക്ക്, നാം കീഴ്പ്പെടുന്നതിൽനിന്നു മാത്രമേ വരുന്നുള്ളൂ. ഇതുകൂടാതെ, ക്രിസ്തുവിന്റെ നിസ്തുലമായ മൂലകത്തെ മാത്രം നാം സ്വീകരിക്കണം. നമുക്ക് വ്യത്യസ്തമായ ധാരണകൾ ഉണ്ടായിരിക്കാമെങ്കിലും നമ്മുടെ ധാരണയിൽനിന്നും നാം യാതൊന്നും സ്വീകരിക്കരുത്. നിങ്ങളുടെ ധാരണയിൽനിന്ന് നിങ്ങൾ എന്തെങ്കിലും സ്വീകരിക്കുന്നുവെങ്കിൽ, നിങ്ങൾ ഉടൻതന്നെ ഭിന്നിപ്പിക്കപ്പെടും.

പാമ്പെന്ന സാത്താൻ വളരെ കൗശലക്കാരനാണ്. സഭാജീവതത്തിലൂടെ കഴിഞ്ഞ അമ്പതു വർഷത്തോളം കടന്നുപോകുന്നത് എനിക്ക് എളുപ്പമായിരുന്നില്ല. കൗശലപരമായ എത്രയെത്ര സങ്കല്പങ്ങളും ധാരണകളും ഉണ്ട്! ചിലപ്പോൾ ചോദ്യങ്ങൾ ഉന്നയിക്കുവാനും, നിർദേങ്ങൾ നൽകുവാനും, സംശയങ്ങൾ ഉയർത്തുവാനും പ്രിയവിശുദ്ധന്മാരെ പ്പോലും ശത്രു ഉപയോഗിക്കുന്നു. ഇവയൊന്നും ക്രിസ്തുവിൽ നിന്നുള്ളതല്ല. ഈ കാര്യങ്ങളെ നിങ്ങളുടെ ആളത്തത്തിലേക്ക് എടുക്കുമ്പോഴെല്ലാം നിങ്ങൾ ഭിന്നിപ്പിക്കപ്പെടും. എന്നാൽ നിങ്ങൾ ദർശനം കണ്ടിട്ടുണ്ടെങ്കിൽ, ഏതെങ്കിലും ആശയത്തെയോ, അഭിപ്രായത്തെയോ, വിമർശനത്തെയോ, നിർദ്ദേശത്തെയോ സ്വീകരിക്കുകയില്ല. ക്രിസ്തുവിൽനിന്നുള്ളതു മാത്രമേ നിങ്ങൾ സ്വീകരിക്കുകയുള്ളൂ. ആയിരക്കണക്കിന് ആശയങ്ങൾ നിങ്ങൾക്കു മുമ്പിൽ അവതരിപ്പിച്ചാലും നിങ്ങൾ പറയും,

"ഈ ആശയങ്ങളിൽ യാതൊന്നും ഞാൻ സ്വീകരിക്കുകയില്ല. ക്രിസ്തുവിൽനിന്നുള്ളതു മാത്രമേ ഞാൻ സ്വീകരിക്കുകയുള്ളൂ. ക്രിസ്തു അല്ലാത്ത എന്തെങ്കിലും ഞാൻ സ്വീകരിക്കുന്നുവെങ്കിൽ, ഞാൻ ദുർന്നടപ്പ് ആചരിക്കുകയാണ്." നാം നമ്മുടെ ഏകഭർത്താവിനു കീഴ്പ്പെടുകയും അവനിൽനിന്നുള്ളതു മാത്രം സ്വീകരിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം നിർമ്മലരായിരിക്കുകയും ഒന്നായിരിക്കുകയും ചെയ്യും. അല്ലെങ്കിൽ, നാം ദുർന്നടപ്പുകാരായിരിക്കുകയും ഭിന്നിപ്പിക്കപ്പെട്ടവരായിരിക്കുകയും ചെയ്യും. ദുർന്നടപ്പെന്നത് ഭിന്നതയാൽ ഉളവായ ആശയക്കുഴപ്പമാണ്. നാം ഈ നിയന്ത്രകദർശനത്തെ കാണണം. അപ്പോൾ നാം ഒന്നായിരിക്കുകയും ദൈവത്തിന്റെ ശത്രുവിനെ പരാജയപ്പെടുത്തുവാനും ദൈവരാജ്യം കൊണ്ടുവരുവാനുമുള്ള ആൺകുട്ടിയെ പ്രസവിക്കുകയും ചെയ്യും.